പട്ടികവിഭാഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുവാൻ പ്രത്യേക നടപടി

*18 [401] *ശ്രീ. ജി. കാർത്തികേയൻ:*

,, *ഇ. എം. അഗസ്തി:*

,, *എൻ. ഡി. അപ്പച്ചൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ വിദ്യാർത്ഥികളെയും മറ്റു വിദ്യാർത്ഥികളെയും ഒന്നിച്ച് ഒരു ക്ലാസ്സിൽ പഠിപ്പിക്കുമ്പോൾ പട്ടികവിഭാഗ കുട്ടികൾക്ക് പഠന നിലവാരത്തിന്റെ കാര്യത്തിൽ മറ്റുള്ളവർക്കു തുല്യം ഉയരുവാൻ കഴിയുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇല്ലാത്തപക്ഷം പട്ടികവിഭാഗ കുട്ടികൾക്ക് മറ്റുള്ളവർക്കൊപ്പം എത്തിച്ചേരുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരത്തിന്റെ കാര്യത്തിൽ ഏകദേശം മറ്റുള്ളവർക്കു തുല്യം ഉയരുവാൻ കഴിയുന്നുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ചില പ്രയാസങ്ങൾ ഉണ്ടാകുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച് ചോദ്യം ഉദിക്കുന്നില്ല. പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 8, 9, 10, ഹയർ സെക്കന്ററി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽത്തന്നെ അവരവരുടെ അദ്ധ്യാപകർ പ്രത്യേക ട്യൂഷൻ നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ടി പദ്ധതി ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്.

പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും വ്യക്തിത്വവികസനത്തിലും ഒരു മാസത്തെ പരിശീലന പരിപാടി 2004-2005 വർഷം മുതൽ നടപ്പാക്കുകയും ആയത് അവരുടെ ആത്മവിശ്വാസം വളർത്തുന്നതിൽ സഹായിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുമുണ്ട്.

എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ

*19 [402] *ശ്രീ. ബി. വിജയകുമാർ:*

,, *വി. ഡി. സതീശൻ:*

ശ്രീമതി ശോഭനാ ജോർജ്ജ്:

ശ്രീ. ലൂഡി ലൂയിസ്:

,, *കെ. സുധാകരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എയ്ഡ്സ് കൺട്രോൾ സൊസൈറ്റി രജിസ്റ്റർ ചെയ്തത് എന്നാണ്; അതിന്റെ പ്രവർത്തകർ ആരെല്ലാമാണ്;

(ബി) അതിന്റെ ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള സാങ്ഷൻ നൽകേണ്ടത് ആരാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യാറുണ്ടോ; എങ്കിൽ ആരാണ് ചെയ്യുന്നത്;

(ഡി) പ്രസ്തുത സൊസൈറ്റി ആരംഭിച്ചപ്പോൾ സംസ്ഥാനത്ത് എത്ര എയ്ഡ്സ് രോഗികൾ ഉണ്ടായിരുന്നു; ഇപ്പോൾ എത്ര എയ്ഡ്സ് രോഗികളുണ്ടെന്ന് വെളിപ്പെടുത്താമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) 1998 നവംബർ മാസം 28-ാം തീയതിയാണ് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺടോൾ സൊസൈറ്റി രജിസ്റ്റർ ചെയ്തത്. സൊസൈറ്റിയുടെ പ്രവർത്തനം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലാണ് നടക്കുന്നത്. ഇതിന്റെ ഭരണ നിർവ്വഹണ സമിതിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും നിയന്ത്രിക്കുന്നത് യഥാക്രമം ചീഫ് സെക്രട്ടറിയും ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും അദ്ധ്യക്ഷനായുള്ള കമ്മിറ്റിയാണ്. 21-10-1998-ലെ സ.ഉ. (കൈയെഴുത്ത്) നം. 300/98/ആകുവ. പ്രകാരം രൂപീകരിക്കപ്പെട്ടതാണ്, മേൽസൂചിപ്പിച്ച ഭരണനിർവഹണ സമിതിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും.

(ബി) കാലാകാലങ്ങളിൽ തയ്യാറാക്കുന്ന വാർഷിക പ്ലാനുകളുടെ അനുവാദം നൽകുന്നത് നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷനാണ്. അതനുസരിച്ച് പ്രവർത്തകസമിതിയുടെ അനുവാദത്തോടെയാണ് പ്രവർത്തന പരിപാടികൾ നിർവ്വഹിക്കുന്നത്. നിയമാവലിപ്രകാരം നിത്യനിദാന ചെലവുകളുടെ നിർവ്വഹണത്തിനുള്ള അധികാരം പ്രോജക്ട് ഡയറക്ടർക്കാണ്.

(സി) ഉണ്ട്. നാല് തട്ടിലുള്ള ഓഡിറ്റ് നടക്കുന്നു:

1. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എംപാനൽ ചെയ്തിട്ടുള്ള ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ വാർഷിക സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്.
2. അക്കൗണ്ടന്റ് ജനറലിന്റെ കാലാകാലങ്ങളിലുള്ള ഓഡിറ്റ്.
3. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ പെർഫോമൻസ് ഓഡിറ്റ്.
4. ലോകബാങ്കിന്റെ പ്രതിനിധികൾ കാലാകാലങ്ങളിൽ നടത്തുന്ന പരിശോധന.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യത്തിൽ കൃത്യമായ കണക്കുകൾ ലഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ട്. എങ്കിലും ഏകദേശ കണക്കനുസരിച്ച് ആദ്യഘട്ടത്തിൽ 267 എയ്ഡ്സ് രോഗികൾ ഉണ്ടായിരുന്നു. ഇപ്പോൾ സംസ്ഥാനത്താകെ രണ്ടായിരത്തിമൂന്ന് രോഗികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ ഫീസ്

*20 [403] *ശ്രീ. എം. മുരളി:*
ഡോ. എം. എ. കുട്ടപ്പൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
,, കെ. വി. തോമസ്:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗ വിദ്യാർത്ഥികൾ അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവർ നൽകേണ്ട ഫീസ് അതതു മാസം നൽകാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുമൂലം ഈ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾ ബുദ്ധിമുട്ട് അനുഭവിക്കേണ്ടതായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകേണ്ട ഫീസ് തുക നൽകുന്നതിന് താമസംവരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികളുടെ ഫീസ് ഓരോ വർഷവും ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ ആ വർഷത്തെ ഫീസ് ഒന്നിച്ചുനൽകുവാൻ നടപടി എടുക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാസ്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ):*

(എ) ഫീസ് അതതു മാസം നൽകാറില്ല.

(ബി) ഉണ്ട്.

(സി) ഓരോ ടേമിലേയും ഫീസ് മുൻകൂറായി നൽകാനാണ് നിലവിലുള്ള വ്യവസ്ഥ. ഒരു വർഷത്തെ മുഴുവൻ തുകയും ആദ്യ മാസത്തിൽത്തന്നെ മുൻകൂറായി നൽകിയാൽ ഇടയ്ക്കുവച്ച് പഠിത്തം നിർത്തുകയോ സ്ഥാപനം മാറിപ്പോവുകയോ ചെയ്യുന്ന കുട്ടികളുടെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടാക്കും. ആയതിനാൽ കോഴ്സ് ഫീ ഒരുമിച്ച്

LIBRARY ARCHIVES Kerala Legislative Assembly